**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5899** **25-03-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ തീരമേഖലകളിലെ ധാതു ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര മൈനിംഗ് വിഭാഗം, കേരള തീരത്ത് കടൽ ഖനനം നടത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള തീരപ്രദേശങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര നിയമമായ 2002 – ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ അഭിപ്രായ സ്വരൂപണ വേളയിൽ കടൽ ഖനനം സംബന്ധിച്ച സംസ്ഥാനത്തിന്റെ എതിർപ്പ് രേഖാമൂലം കേന്ദ്രസർക്കാരിനെ 11.03.2023 – ൽ അറിയിക്കുക യുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ, ആക്ടിന്റെ ഭേദഗതിയുമായി മുമ്പോട്ട് പോവുകയും 11.08.2023 – ൽ ഭേദഗതി വിജ്ഞാപനമാവുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാർ 11.01.2025 തീയതിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാനത്തിന്റെ നയപരമായ നിലപാടും കടൽ ഖനനം സംബന്ധിച്ച എതിർപ്പും ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങ ളിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒറീസ്സയിലെ ഭുവനേശ്വറിൽ 19.01.2025 -ൽ ചേർന്ന 64-ാം സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ഓഫ് ഷോർ ഖനനം സംബന്ധിച്ച് കേരളം ഉന്നയിച്ച പാരിസ്ഥിതികമായ ഉത്കണ്ഠകൾ ചർച്ചയ്ക്ക് വരികയും ആയത് സംബന്ധിച്ചുള്ള പഠനം നടത്തുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്ന സ്ഥാപനത്തിനോട് കേന്ദ്ര ഖനി സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധ ഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്റ്റ് പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് വിശദമായ കത്ത് 13.02.2025 ൽ സർക്കാരിൽ നിന്നും കേന്ദ്ര ഖനി സെക്രട്ടറിക്കു അയച്ചിട്ടുണ്ട്.<br><br>ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പും, ഖനനം നടത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്നും കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിക്കും കേന്ദ്ര ഖനി വകുപ്പ മന്ത്രിക്കും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി 27.02.2025 – ൽ കത്ത് നൽകിയിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലന ത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 04.03.2025 – ൽ കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കിയിട്ടുള്ളതുമാണ്.<br><br>കൂടാതെ മുൻപ് കേന്ദ്ര സർക്കാർ തീരദേശത്തെ ബീച്ച് സാന്റിൽ കാണപ്പെടുന്ന അപൂർവ്വ ധാതുക്കൾ സ്വകാര്യ വ്യക്തികൾക്ക് ഖനനം ചെയ്യാനുതകുന്ന തരത്തിൽ 1957 -ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ എതിർത്തിരുന്നു. മേൽ നിയമം ഭേദഗതി ചെയ്തുകൊണ്ട് ബീച്ച് സാന്റ് മിനറസിൽ ഉൾപ്പെടുന്ന അപൂർവ്വ ധാതു വിഭാഗത്തെ സ്വകാര്യ വ്യക്തികൾക്ക് ഖനനം ചെയ്യുവാൻ ഉതകുന്ന തരത്തിൽ ഗ്രൂപ്പ് D വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശം സർക്കാരിന്റെ നിരന്തരമായ ഇടപെടലിന്റേയും എതിർപ്പിന്റെയും പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ പിൻവലിച്ചിരുന്നു. |
| (ബി) | എങ്കിൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം പ്രവൃത്തിക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര നിയമമായ 2002 – ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ അഭിപ്രായ സ്വരൂപണ വേളയിൽ കടൽ ഖനനം സംബന്ധിച്ച സംസ്ഥാനത്തിന്റെ എതിർപ്പ് രേഖാമൂലം കേന്ദ്രസർക്കാരിനെ 11.03.2023 – ൽ അറിയിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ, ആക്ടിന്റെ ഭേദഗതിയുമായി മുമ്പോട്ട് പോവുകയും 11.08.2023 – ൽ ഭേദഗതി വിജ്ഞാപനമാവുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാർ 11.01.2025 തീയതിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാനത്തിന്റെ നയപരമായ നിലപാടും കടൽ ഖനനം സംബന്ധിച്ച എതിർപ്പും ആശങ്കയും |

അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങ ളിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒറീസ്സയിലെ ഭുവനേശ്വറിൽ 19.01.2025 -ൽ ചേർന്ന 64-ാം സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ഓഫ് ഷോർ ഖനനം സംബന്ധിച്ച് കേരളം ഉന്നയിച്ച പാരിസ്ഥിതികമായ ഉത്കണ്ഠകൾ ചർച്ചയ്ക്ക് വരികയും ആയത് സംബന്ധിച്ചുള്ള പഠനം നടത്തുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്ന സ്ഥാപനത്തിനോട് കേന്ദ്ര ഖനി സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധ ഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്റ്റ് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് വിശദമായ കത്ത് 13.02.2025 ൽ സർക്കാരിൽ നിന്നും കേന്ദ്ര ഖനി സെക്രട്ടറിക്കു അയച്ചിട്ടുണ്ട്.

ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പും, ഖനനം നടത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്നും കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിക്കും കേന്ദ്ര ഖനി വകുപ്പ മന്ത്രിക്കും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി 27.02.2025 – ൽ കത്ത് നൽകിയിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 04.03.2025 – ൽ കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കിയിട്ടുള്ളതുമാണ്.

കൂടാതെ മുൻപ് കേന്ദ്ര സർക്കാർ തീരദേശത്തെ ബീച്ച് സാന്റിൽ കാണപ്പെടുന്ന അപൂർവ്വ ധാതുക്കൾ സ്വകാര്യ വ്യക്തികൾക്ക് ഖനനം ചെയ്യാനുതകുന്നതരത്തിൽ 1957 -ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്റ്റിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ എതിർത്തിരുന്നു. മേൽ നിയമം ഭേദഗതി ചെയ്തുകൊണ്ട് ബീച്ച് സാന്റ് മിനറസിൽ ഉൾപ്പെടുന്ന അപൂർവ്വ ധാതു വിഭാഗത്തെ സ്വകാര്യ വ്യക്തികൾക്ക് ഖനനം ചെയ്യുവാൻ ഉതകുന്ന തരത്തിൽ ഗ്രൂപ്പ് D വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശം സർക്കാരിന്റെ നിരന്തരമായ

| | | | |
|---|---|---|---|
| | | | ഇടപെടലിന്റേയും എതിർപ്പിന്റെയും പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ പിൻവലിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ